"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ദീർഘകാലമായി പുനർവിന്യാസ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ലക്ഷ്മി സലീമിനെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുക്കൊണ്ടും പകരം ക്ലർക്കുമാരെ പുനർവിന്യസിച്ചുക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1849/2025/LSGD തീയതി, തിരുവനന്തപുരം, 26-07-2025

---

പരാമർശം:-
1. 26/9/2019 ലെ സ.ഉ (സാധാ) നം. 2082/2019/ തസ്വഭവ
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 12.2.2018 ലെ സി (3) 64/2017/ഡിപിഐ നമ്പർ കത്ത്
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 28.05.2025, 29.5.2025, 11.6.2025 DGE/2284/2024-C3(1) നമ്പർ കത്തുകൾ
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.07.2025 ലെ SGD/PD/720/2024-DEH4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ദീർഘകാലമായി പുനർവിന്യാസ വ്യവസ്ഥയിൽ മുടക്കുഴ ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ലക്ഷ്മി സലീമിനെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനും പകരം ക്ലർക്കുമാരെ പുനർവിന്യസിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി വകുപ്പ് മേധാവി പരാമർശം (2),(3) പ്രകാരം സർക്കാരിൽ ശിപാർശ ലഭ്യമാക്കുകയുണ്ടായി. ശ്രീമതി ലക്ഷ്മി സലീമിനെതിരെ ടി കാര്യാലയത്തിൽ വിജിലൻസ് അന്വേഷണങ്ങളോ മറ്റു നടപടികളോ നിലവിലില്ലെന്ന്പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പുനർവിന്യാസം ക്രമീകരിച്ചുക്കൊണ്ടുള്ള പരാമർശം (1) ഉത്തരവ് പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും പുനർവിന്യസിക്കേണ്ട ക്ലർക്കുമാരുടെ എണ്ണം 6 ആയി നിജപ്പെടുത്തിയിട്ടുണ്ട്. 2 പുനർവിന്യാസ

ക്ലർക്കുമാരിൽ ദീർഘകാലമായി മുടക്കുഴ ഗ്രാമപഞ്ചായത്തിൽ പുനർവിന്യാസ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ലക്ഷ്മി സലീമിനെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം വകുപ്പ് മേധാവി ശിപാർശ ചെയ്ത 5 ജീവനക്കാരെ ടിയാളുകളുടെ ഓപ്ഷൻ പരിഗണിച്ച് നിലവിലെ പുനർവിന്യാസ വ്യവസ്ഥകൾക്ക് വിധേയമായി ചുവടെ ചേർക്കും പ്രകാരം പുനർവിന്യസിച്ചുക്കൊണ്ടും ഉത്തരവാകുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര്, തസ്തിക | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ പേര് | ഓപ്ഷൻ പരിഗണിച്ച് പുനർവിന്യസിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീ.ഡേവിഡ് ജോസ് എം ജി, ക്ലർക്ക് | വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, മലപ്പുറം | കുമ്പളം ഗ്രാമപഞ്ചായത്ത് (എറണാകുളം) |
| 2 | അഭിനന്ദ് എ കെ, ക്ലർക്ക് | വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, മലപ്പുറം | ചേർത്തല സൗത്ത് (ആലപ്പുഴ) |
| 3 | വിജിമോൾ വിജയൻ, ക്ലർക്ക് | ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം, കട്ടപ്പന | ഉദയംപേരൂർ(എറണാകുളം) |
| 4 | അജയകുമാർ ആർ , ക്ലർക്ക് | ഗവ.ഹൈസ്കൂൾ,അച്ചൻ കോവിൽ | വെമ്പായം (തിരുവനന്തപുരം) |
| 5 | ശ്രീമതി അനീഷ എസ്, ക്ലർക്ക് | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം, കോലഞ്ചേരി | തിരുവൻവണ്ടൂർ ( ആലപ്പുഴ) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.
സെക്രട്ടറി, മുടക്കുഴ ഗ്രാമപഞ്ചായത്ത്,എറണാകുളം.
സെക്രട്ടറി,കുമ്പളം ഗ്രാമപഞ്ചായത്ത്,എറണാകുളം.

സെക്രട്ടറി,ചേർത്തല സൗത്ത് ഗ്രാമപഞ്ചായത്ത്,ആലപ്പുഴ.

സെക്രട്ടറി,ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്,എറണാകുളം.

സെക്രട്ടറി,വെമ്പായം ഗ്രാമപഞ്ചായത്ത് ,തിരുവനന്തപുരം

സെക്രട്ടറി,തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

ബന്ധപ്പെട്ട വ്യക്തികൾക്ക് (വകുപ്പ് മേധാവി മുഖേന).

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, കേരള (ഓഡിറ്റ്), തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.

(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Suja. M

സെക്ഷൻ ഓഫീസർ

Date: 26-07-2025 17:18:27